**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1373** | **08-12-2022 - ൽ മറുപടിയ്ക്ക്**

**റെയിൽവേ മേൽപ്പാലങ്ങളുടെ നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. കെ.കെ. രാമചന്ദ്രൻ** | | **ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി)** | |
| (എ) | കിഫ്ബിയുടെ ധനസഹായത്തോടെ റോഡ്സ് & ബ്രിഡ്ജസ് ഡെവലപ്മെന്റ് കോർപറേഷൻ ഓഫ് കേരള മുഖേന നിർമ്മാണം നടത്തുന്നതിനായി നടപടി സ്വീകരിച്ചിട്ടുള്ള പുതുക്കാട്, നെല്ലായി, ആലത്തൂർ, നന്ദിക്കര റെയിൽവേ ഓവർ ബ്രിഡ്ജുകളുടെ നിർമ്മാണം ഇനിയും ആരംഭിയ്ക്കുവാൻ സാധിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | **പുതുക്കാട് റെയിൽവേ ഓവർ ബ്രിഡ്ജ്**<br><br>**(LC.28 & 29)**<br><br>പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ ജി.എ.ഡി.യ്ക്ക് റെയിൽവേയിൽ നിന്ന് ഡ്രോയിംഗ് നം. CBE/GV1/196/2003 പ്രകാരം അംഗീകാരം ലഭിച്ചിട്ടുള്ളതാണ്. എന്നാൽ പ്ലാറ്റ്ഫോം വിപുലീകരണവും, അധികമായി Future track ഇടുന്നതും പരിഗണിക്കണമെന്നത് ഉൾപ്പെടെ യുള്ള ആവശ്യങ്ങൾ ഉന്നയിച്ചുകൊണ്ട് റെയിൽവേ നിരവധി തവണ ജി എ ഡി മടക്കി നൽകുകയും അന്തിമ ജി.എ.ഡി. 22.02.2022-ൽ റെയിൽവേയുടെ അംഗീകാരത്തിനായി സമർപ്പിച്ചിരിക്കുകയുമാണ്. എന്നാൽ എറണാകുളം -ഷൊർണ്ണൂർ സെക്ഷൻ ഇടയിൽ വരുന്ന ആർ.ഒ.ബി.കളുടെ ജി.എ.ഡി.യ്ക്ക് റെയിൽവേയുടെ 3rd line അന്തിമമായതിനു ശേഷം മാത്രമെ അംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂവെന്ന് റെയിൽവേ അറിയിച്ചിട്ടുള്ളതാണ്. ജി എ ഡി യ്ക്ക് അംഗീകാരം ലഭിച്ചാൽ മാത്രമേ ടെണ്ടർ നടപടികളുമായി മുന്നോട്ട് പോകാൻ സാധിക്കുകയുള്ളൂ.<br><br>**ആലത്തൂർ ആർ.ഓ.ബി, നെല്ലായി ആർ.ഓ.ബി, നന്ദിക്കര ആർ.ഓ.ബി**<br><br>ഈ ആർ.ഓ.ബി കളുടെ ജി.എ.ഡി -കൾ റെയിൽവേയിൽ സമർപ്പിച്ചിട്ടുള്ളതാണ്. എന്നാൽ എറണാകുളം - ഷൊർണ്ണൂർ സെക്ഷനുകളുടെ ഇടയിൽ വരുന്ന ആർ.ഓ.ബി -കളുടെ ജി.എ.ഡി ക്ക് റെയിൽവേയുടെ 3rd line അന്തിമമായതിനു ശേഷം |

| | | | |
|---|---|---|---|
| | | | മാത്രമെ അംഗീകാരം നൽകുവാൻ സാധിക്കുകയുള്ളൂ എന്ന് സതേൺ റെയിൽവേ അറിയിച്ചിട്ടുള്ളതാണ്. |
| (ബി) | റെയിൽവേയുടെ എൻ.ഒ.സി.യും അനുമതിയും ലഭിയ്ക്കുന്നതിന് കാലതാമസം വരുന്നത് ഒഴിവാക്കുന്നതിനും, മറ്റ് യാതൊരു തടസ്സങ്ങളും ഇല്ലാത്ത മേൽപ്പാലങ്ങളുടെ നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതിനും ആവശ്യമായ നടപടി സ്വീകരിക്കുമോ; വ്യക്തമാക്കുമോ; | (ബി) | (എ) പിരിവിന്റെ അതേ മറുപടി. |
| (സി) | പുതുക്കാട് റെയിൽവേ മേൽപ്പാലത്തിന്റെ നിർമ്മാണം ഉടൻ ആരംഭിയ്ക്കുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | (സി) | (എ) പിരിവിന്റെ അതേ മറുപടി. |

സെക്ഷൻ ഓഫീസർ